# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2019 നവംബർ 13-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1231/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഘടന | v |
| 2. | റിപ്പോർട്ട് | 1 |
| 3. | അനുബന്ധം : | |
| | I. വിയോജനക്കുറിപ്പ് | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | 5 |

# സബ്ജക്ട് കമ്മിറ്റി IV
# (വ്യവസായവും ധാതുക്കളും)
# (2019-2021)

**ഘടന**

__ചെയർമാൻ:__

**ശ്രീ. ഇ. പി. ജയരാജൻ,**

**വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.**

__എക്സ്-ഒഫീഷ്യോ അംഗങ്ങൾ :__

**ഡോ. ടി. എം. തോമസ് ഐസക്,**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

**ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,**

**മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.**

__അംഗങ്ങൾ:__

**ശ്രീ. ആന്റണി ജോൺ**

**പ്രൊഫ. കെ. യു. അരുണൻ**

**ശ്രീ. സി. ദിവാകരൻ**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**

**ശ്രീ. കെ. ബി. ഗണേഷ് കുമാർ**

**ശ്രീ. സി. കൃഷ്ണൻ**

**ശ്രീ. കെ. എസ്. ശബരീനാഥൻ**

**ശ്രീ. എൻ. വിജയൻപിള്ള.**

__നിയമസഭാ സെക്രട്ടേറിയറ്റ് :__

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി. ഒ., അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ (ബിൽ നമ്പർ 227) കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

(2) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ബിൽ 2019 ഒക്ടോബർ 26-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 നവംബർ 7-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(3) 2019 നവംബർ 7-ാം തീയതി സഭാ സമ്മേളനത്തിനുശേഷം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(1) ബില്ലിലെ 2-ാം ഖണ്ഡത്തിൽ "പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ," എന്ന വാക്കുകൾക്ക് പകരം "1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ആക്റ്റിലെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ," എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

(2) ബില്ലിലെ 2-ാം ഖണ്ഡ പ്രകാരം, പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 3-ാം വകുപ്പ് (7)-ാം ഉപവകുപ്പിൽ "സെക്രട്ടേറിയറ്റ് രൂപീകരിക്കേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "സെക്രട്ടേറിയറ്റ് ഉണ്ടായിരിക്കുന്നതാണ്"" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 4

ബില്ലിലെ 4-ാം ഖണ്ഡം പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 10 എ വകുപ്പിൽ "അംഗങ്ങൾ" എന്ന വാക്കിന് പകരം, "ഏതെങ്കിലും അംഗം" എന്ന വാക്കുകളും "അംഗങ്ങൾക്കെതിരെ" എന്ന വാക്കിന് പകരം "അംഗത്തിനെതിരെ" എന്ന വാക്കും "അംഗങ്ങളുടെ" എന്ന വാക്കിന് പകരം "അംഗത്തിന്റെ" എന്ന വാക്കും ചേർക്കേണ്ടതാണ്.

(4) മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

(5) വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇ. പി. ജയരാജൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,

2019 നവംബർ 12.

## അനുബന്ധം I

# വിയോജനക്കുറിപ്പ്

ബില്ലിന്റെ രണ്ടാം വകുപ്പ് പ്രകാരം മൂലനിയമത്തിന്റെ 6-ാം ഉപവകുപ്പിന് ശേഷം 7-ാം ഉപവകുപ്പായി സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ബോർഡിനെ സഹായിക്കുന്നതിനായും, വിവിധ വകുപ്പുകളുടെയും, ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിന് നിബന്ധനയുണ്ട്. സെക്രട്ടേറിയറ്റിന്റെ ഘടന സംബന്ധിച്ചോ അതിന്റെ പ്രവർത്തനം സംബന്ധിച്ചോ ബില്ലിൽ യാതൊന്നും സൂചിപ്പിച്ചിട്ടില്ല. 2000 മുതൽ പ്രവർത്തിക്കുന്ന സംസ്ഥാന ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ഇപ്രകാരം ഒരു സെക്രട്ടേറിയറ്റ് രൂപീകരിക്കാത്തതുമൂലം എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായതായി ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലും സൂചിപ്പിച്ചിട്ടില്ല. ജനപ്രതിനിധികളുടെ പ്രാതിനിധ്യം തിരസ്ക്കരിക്കുന്നതും, അതോടൊപ്പം ഉദ്യോഗസ്ഥരുടെ കീഴിലുള്ള ചുവപ്പ് നാട ശക്തമാകുകയും ചെയ്യും. അതിനാൽ ഈ സെക്രട്ടേറിയറ്റ് രൂപീകരണം എല്ലാ തലത്തിലും സംസ്ഥാന സർക്കാരിന് അധിക ബാധ്യതയുണ്ടാക്കും അത് എത്രയാണെന്ന് പോലും ബില്ലിന്റെ ധനകാര്യമെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ ഈ നിർദ്ദേശത്തോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കെ. എസ്. ശബരീനാഥൻ (ഒപ്പ്)

അനുബന്ധം II

# 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[വശത്തുവരച്ചതും അടിയിൽ വരച്ചിരിക്കുന്നതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

## 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും ആക്റ്റിലെ (2000-ലെ 5) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) (3)-ാം വകുപ്പിൽ,

(1) (4)-ാം ഉപവകുപ്പിൽ "ചെയർമാനും" എന്ന വാക്കിന് ശേഷം "വ്യവസായ വകുപ്പിന്റെ ചുമതലയുള്ള സെക്രട്ടറി വൈസ് ചെയർമാനും", എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (6)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(7) സംസ്ഥാന ബോർഡിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സംസ്ഥാന ബോർഡിനെ സഹായിക്കുന്നതിനായും, അപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു സെക്രട്ടേറിയറ്റ് ഉണ്ടായിരിക്കുന്നതാണ്.".

3. 5-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിൽ (ആർ) ഇനത്തിനുപകരം താഴെ പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ ;".

(2) പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ജില്ലാകളക്ടർ വ്യവസായ പ്രദേശ ബോർഡിന്റെ ചെയർമാനും, ബന്ധപ്പെട്ട വ്യവസായ പ്രദേശത്തിന്റെ നിയുക്ത അധികാരസ്ഥാനം കൺവീനർ ആയിരിക്കുന്നതും, സർക്കാർ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള സ്വകാര്യ പാർക്കിന്റെ സംഗതിയിൽ, ബന്ധപ്പെട്ട ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ജനറൽ മാനേജർ വ്യവസായ പ്രദേശ ബോർഡിന്റെ കൺവീനർ ആയിരിക്കുന്നതുമാണ്.".

4. 10 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"10 എ. സംസ്ഥാന ബോർഡിന്റെയും ജില്ലാ ബോർഡിന്റെയും വ്യവസായ പ്രദേശ ബോർഡിന്റെയും യോഗത്തിൽ ഹാജരാകുവാൻ വീഴ്ച വരുത്തുന്ന അംഗങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ശിപാർശ ചെയ്യുന്നതിന് സംസ്ഥാന ബോർഡിന്റെ ചെയർമാനുള്ള അധികാരം.—സംസ്ഥാന ബോർഡ് ചെയർമാന്, സ്വമേധയോ അല്ലെങ്കിൽ ജില്ലാ ബോർഡിന്റെയോ വ്യവസായ പ്രദേശ ബോർഡിന്റെയോ റിപ്പോർട്ടിൻമേലോ, സംസ്ഥാന ബോർഡിലെയോ, ജില്ലാ ബോർഡിലെയോ, വ്യവസായ പ്രദേശ ബോർഡിലെയോ,

ഏതെങ്കിലും അംഗം ന്യായമായ കാരണങ്ങൾ കൂടാതെ, ബോർഡിന്റെ യോഗങ്ങളിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് ബോധ്യപ്പെടുന്നപക്ഷം, അപ്രകാരമുള്ള അംഗത്തിനെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി അപ്രകാരമുള്ള അംഗത്തിന്റെ വകുപ്പ് മേധാവിക്ക് ശിപാർശ നൽകാവുന്നതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, *സെക്രട്ടറി.*

2019 നവംബർ 12.